# സെന്റ്. ജോർജ്ജ് സെഹിയോൻ ഓർത്തഡോക്സ് പള്ളി

## കുന്നയ്ക്കാൽ ഈസ്റ്റ്

കുന്നയ്ക്കാൽ കിഴക്ക് ഭാഗത്തുള്ള സഭാ വിശ്വാസികളുടെ ആത്മീയ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യാർത്ഥം കടമറ്റം പള്ളിയിൽ നിന്ന് പിരിഞ്ഞ് സ്ഥാപിതമായ ദേവാലയമാണിത്. ഈ പ്രദേശത്തുള്ള സണ്ടേസ്ക്കൂൾ വിദ്യാർത്ഥികൾക്കായി കടമറ്റം പള്ളി യുടെ ആഭിമുഖ്യത്തിൽ തായ്ക്കാട്ട് ശ്രീ. വർക്കിയുടെ വീടിന്റെ വരാന്തയിൽ ആരംഭിച്ച സണ്ടേസ്ക്കൂളിൽ നിന്നുമാണ് ദേവാലയ സ്ഥാപനം എന്ന ആശയമുണ്ടാകുന്നത്.

സണ്ടേസ്കൂളിന്റെ പ്രവർത്തനം സുഗമമായി നടക്കുന്ന സാഹചര്യത്തിൽ, കുടിയിരിക്കൽ വർക്കി തൊമ്മൻ ഒരേക്കറും പടിഞ്ഞാറേ പുതിയമഠത്തിൽ വർക്കി വർക്കി, വർക്കി പൈലി, കുരുവിള ഭാര്യ ഏലി എന്നിവർ ഒരേക്കറും ഉൾപ്പെടെ മൂന്ന് ഏക്കർ സ്ഥലം പള്ളി സ്ഥാപിക്കുന്നതിലായി സഭയ്ക്ക് ദാനമായി നൽകി. ഈ സ്ഥലത്ത് ഷെഡ് വച്ചുകെട്ടി 1906 ൽ സണ്ടേസ്ക്കൂൾ ഇവിടേയ്ക്കു മാറ്റി. തുടർന്ന് ഇവിടെ കെട്ടിടം പണിയുവാനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും നാട്ടുകാരുടെ സഹകരണത്തോടെ ഓടിട്ട് മേഞ്ഞ ഒരു കെട്ടിടം സണ്ടേസ്കൂളിനായി നിർമ്മിക്കുകയും ചെയ്തു. ഇന്ന് വി. കുർബാന അർപ്പിക്കുന്നത് ഈ കെട്ടിടത്തിലാണ്.

മലങ്കര സഭയിലെ കക്ഷിവഴക്ക് ഈ ദേവാലയത്തെ ഏറെ കാര്യമായി ബാധിച്ചിരുന്നു. പള്ളിയുടെ പുനർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നെങ്കിലും  കക്ഷിവഴക്കുമൂലം ദീർഘനാളായി മുടങ്ങിക്കിടക്കുകയാണ്. അതിനാൽ സണ്ടേസ്കൂളിനായി നിർമ്മിച്ച കെട്ടിടത്തിലാണ് ഇപ്പോൾ വി. കുർബ്ബാന അർപ്പിച്ചു വരുന്നത്. എല്ലാ ആത്മീയ സംഘടനകളും സജീവമായിത്തന്നെ പ്രവർത്തിക്കുന്ന ഇവിടെ ഡിസംബർ 31, ജനുവരി 1 തീയതികളിൽ പ്രധാന പെരുന്നാൾ കൊണ്ടാടി വരുന്നു.

വികാരി : റവ. ഫാ. ടി.വി. ആൻഡ്രൂസ്